# 7

# ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്കുകാരായി: വിശ്വസ്തനായ സൃഷ്ടികർത്താവിൽ ഭരമേൽപ്പിക്കൽ (ഭാഗം 1)

## (4:12-19)

ഈ ലേഖനത്തിൽ മുൻപ് പത്രൊസ് രണ്ട് പ്രാവശ്യം തന്റെ വായനക്കാരുടെ കഷ്ടതയെ വളരെ വ്യക്തമായി തന്നെ പറഞ്ഞിരിക്കുന്നു (1:6-9; 3:13-17). 4:12 ലേതുപോലെ, 1:6-9 ലെ ഭാഷ "തീയാൽ" ശോധന കഴിക്കുന്ന രീതിയിലാണ് ഉപയോഗിച്ചിരിക്കുന്നത്. അപ്പോഴും, താഴെ പറയുന്ന വാക്കുകളുടെ പ്രതീതിയിൽനിന്ന് രക്ഷപ്പെടുക പ്രയാസമാണെന്ന് തോന്നുന്നു, അതായത്, കഷ്ടതയുടെ ആവശ്യകതയും പുതിയ രീതിയും ആയി അതിനെ കാണണം.

### ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്കുകാരാകുക (4:12-16)

**12പ്രിയമുള്ളവരേ, നിങ്ങൾക്ക് പരീക്ഷക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്ക് വന്നു കൂടി എന്നുവെച്ചു അതിശയിച്ചുപോകരുത്. 13ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. 14ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവ് നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലൊ. 15നിങ്ങളിൽ ആരും കുലപാതകനോ കള്ളനോ ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്; പരക്കാര്യത്തിൽ ഇടപെടുന്നവനായിട്ടുമല്ല. 16ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടത്.**

**വാക്യം 12.** കഷ്ടതയുടെ തീവ്രത 1:6-9 ൽ പറഞ്ഞിരിക്കുന്നതിൽനിന്നും ഒട്ടും കുറവല്ല ഇവിടെ പറയുന്നത്.[1] 3:13, 14-ൽ പറഞ്ഞു തുടങ്ങിയ കഷ്ടതയുടെ തീവ്രത പ്രതിഫലിപ്പിക്കുന്നതാണ് 4:12-16 ലെ വാക്കുകൾ. കഷ്ടത വരുമ്പോൾ അതിശയിച്ചുപോകുവാനിടയുണ്ട് എന്നാണ് പത്രൊസ് 3:13, 14 ൽ തന്റെ വായനക്കാരോട് പറഞ്ഞത്. നിങ്ങൾ "സൽപ്രവൃത്തിയിൽ ശുഷ്ക്കാന്തിയുള്ളവരാണെങ്കിൽ," "നിങ്ങളെ ആർ ഉപദ്രവിക്കും?" "തീർച്ചയായും ആരും ഉപദ്രവിക്കുകയില്ല!" എന്നതാണ്

ഉത്തരം. നീതി നിമിത്തം ഉപദ്രവം സഹിക്കുവാൻ സാധ്യതയുണ്ട് എന്നാണ് അപ്പൊസ്തലൻ 3:13, 14-ൽ പറഞ്ഞത്. അത് പ്രതീക്ഷിക്കുക എന്നതു തന്നെ പ്രയാസമുള്ള കാര്യമാണ്. ഇപ്പോൾ, 4:12-ൽ അപ്പൊസ്തലൻ അതേ വായനക്കാരോടു പറയുന്നു, **നിങ്ങൾക്ക് പരീക്ഷക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിൽ അതിശയിച്ചുപോകരുത്**. ഊന്നലിൽ വരുത്തിയ വ്യത്യാസം നാം എങ്ങനെ മനസിലാക്കും? പത്രൊസിന്റെ ചിന്ത 3:13 മുതൽ 4:16 വരെ ഒഴുകുന്നത് വിശ്വാസ പരിശ്രമത്താൽ 3:13, 14 നും 4:12-16 നും ഇടക്കുള്ള സംഘർഷം ഒഴിവാക്കുവാൻ കഴിയും.

3:9-ൽ പത്രൊസ് തന്റെ വായനക്കാരോട് ദൈവഭക്തിയോടെ ജീവിക്കുവാനാണ് അപേക്ഷിക്കുന്നത്, കൂടാതെ "തിന്മക്ക് പകരം ഒരിക്കലും തിന്മ ചെയ്യരുത്" എന്നും മുന്നറിയിച്ചു. അവൻ വായനക്കാരുടെ പ്രതികരണം പ്രതീക്ഷിച്ചു. എന്നാൽ അവർ ദൈവഭക്തിയോടെ ജീവിച്ചപ്പോൾ, അവർക്ക് അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന സമൂഹത്തിൽനിന്ന് വേദനയാണ് അനുഭവപ്പെട്ടത്. അത് പ്രതീക്ഷിക്കാവുന്നതാണ് എന്നു അപ്പൊസ്തലൻ പറഞ്ഞിരുന്നുവെങ്കിലും, സാധാരണരീതിയിലുള്ളതായിരുന്നില്ല അത്. സാധാരണ, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന അയൽക്കാർ ദയയും, ബഹുമാനവും, ആത്മാർത്ഥതയും, ഇന്ദ്രിയ-ജയവുമുള്ളവരായിരുന്നു. അപ്പോഴും, ക്രിസ്ത്യാനികൾ നടക്കുവാൻ തിരഞ്ഞെടുത്ത ദൈവവഴിയെ അവർ എതിർത്തിരുന്നു. ക്രിസ്ത്യാനികൾ ജാതികളുടെ ദുർന്നടപ്പ് അനുസരിച്ച് നടക്കാതെ വന്നപ്പോൾ, അവർ ക്രിസ്ത്യാനികളെ എതിർക്കുവാൻ തുടങ്ങി. അ-ക്രൈസ്തവർക്ക് അവരോട് വിദ്വേഷവുമുണ്ടായി (4:4). തന്റെ വായനക്കാരുടെ വിശുദ്ധ ജീവിതം നിമിത്തം. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന അയൽക്കാർ അവരെ കുറ്റം ചുമത്തുമെന്ന് പത്രൊസ് തിരിച്ചറിഞ്ഞിരുന്നു. തൽഫലമായി അവരിൽ ചിലർ ക്രിസ്ത്യാനികളെ വെറുക്കുകയും അവമാനിക്കുകയും ചെയ്തു.

ക്രിസ്ത്യാനികൾ ധാർമ്മികതയും നീതിയും മുറുകെ പിടിച്ചിരിക്കുന്നതിന്റെ പേരിൽ നേരിടേണ്ടിവരുന്ന പരീക്ഷണങ്ങളെ പത്രൊസ് പറയുന്നതിനേക്കാൾ വിശദമായി യോഹന്നാൻ സംസാരിച്ചിരിക്കുന്നു. കയ്യീന്റെ കുലപാതകത്തെ കുറിച്ച് യോഹന്നാൻ പറഞ്ഞു, "അല്ല, അവൻ സഹോദരനെ കൊല്ലുവാൻ സംഗതി എന്ത്? തന്റെ പ്രവൃത്തി ദോഷവും സഹോദരന്റേത് നീതിയുമുള്ളത് ആകകൊണ്ടത്രെ" (1 യോഹ. 3:12, 13). അവയെല്ലാം സത്യമാകുമ്പോൾ, ക്രിസ്ത്യാനികൾ സ്വയം-സഹതപിക്കുവാനോ അല്ലെങ്കിൽ, കർത്താവ് കൽപിച്ച ധാർമ്മികതയെ വിട്ടുവീഴ്ച്ച ചെയ്തേക്കാമെന്ന പരീക്ഷണത്തെ നേരിടും. പത്രൊസ് അതിന് അവരെ അനുവദിച്ചില്ല. അതുകൊണ്ടാണ് അവൻ 1 പത്രൊസ് 3:13, 14 എഴുതിയത്.

സാധാരണ, മാന്യമായ ജീവിതം നയിക്കുന്നതിന് വേണ്ടിയോ അല്ലെങ്കിൽ ഉപജീവനത്തിനു വേണ്ടിയോ അല്ല ക്രിസ്ത്യാനികൾ കഷ്ടം സഹിക്കുന്നത്. എങ്കിലും ക്രിസ്ത്യാനിയുടെ ജീവിതം ലോകത്തിന് അവമാനമാണ്. 3:13, 14-ൽ അപ്പൊസ്തലൻ, സാങ്കൽപിക സാഹചര്യങ്ങളിൽനിന്നു വ്യത്യസ്തമായി, 4:12-ൽ, തന്റെ വായനക്കാർ നേരിട്ടിരുന്ന പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഊഷ്മളമായ ബന്ധത്തെ കാണിക്കുന്ന **പ്രിയരേ** (*അഗാപെറ്റോസിൽ* നിന്ന്) എന്നു സംബോധന ചെയ്തുകൊണ്ടാണ് പത്രൊസ് 2:11-ൽ ചെയ്തതുപോലെ അടുത്ത ഭാഗം ആരംഭിക്കുന്നത്. ശരിയായതു ചെയ്താലും ചില സാഹചര്യത്തിൽ ക്രിസ്ത്യാനികൾ കഷ്ടം അനുഭവിക്കേണ്ടി വരുമെന്നാണ്

അവൻ പറഞ്ഞത്, എന്നാൽ സന്ദർഭങ്ങൾ അവരുടെ വിശ്വാസത്തിന് വെല്ലുവിളി ഉയർത്തുകയില്ല. “ദുർന്നടപ്പിന്റെ അതേ കവിച്ചലിൽ നടക്കാതിരിക്കുന്നത്” അപൂർവ്വം എന്നുവെച്ച് അവരുടെ അയൽക്കാർ അതിശയിക്കുമെന്ന് അറിഞ്ഞ് (4:4), അവർക്ക് നേരിടുന്ന “അഗ്നിശോധനയിൽ” അവർ അതിശയിച്ചുപോകയുമരുത്.

രണ്ടാം-നൂറ്റാണ്ടിന്റെ ആരംഭത്തിലെ റോമൻ ഉദ്യോഗസ്ഥനായിരുന്ന പ്ലിനിയുടെ രേഖയും, തന്റെ വായനക്കാർ അനുഭവിച്ച കഷ്ടതയെ പത്രൊസ് വിവരിക്കുന്നതും തമ്മിൽ പ്രകടമായ സാമ്യം കാണാം. തന്റെ അമ്മാവനും ഭൂമിശാസ്ത്രജ്ഞനും ആയിരുന്ന പ്രിനി ദ എൽഡറിൽനിന്നു തന്നെ വേർപെടുത്തി നിർത്തുവാൻ അയാൾ തന്റെ പേരിനോട് ജൂനിയർ എന്നുകൂടെ ചേർത്തിരുന്നു. റോമൻ പ്രവിശ്യയായിരുന്ന ബിഥുന്യയിലെ സാമ്പത്തിക കാര്യങ്ങളും ആഭ്യന്തരകാര്യങ്ങളും ക്രമപ്പെടുത്തുവാനായി ട്രാജൻ ചക്രവർത്തി പ്ലിനി ദയങ്ങറിനെ അവിടേക്ക് അയച്ചു. നാടുവാഴി എന്ന നിലയിൽ തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനിടയിൽ പ്ലിനി ദ യങ്ങർ നേരിട്ട വെല്ലുവിളികളെ നേരിടുവാനുള്ള ഉപദേശത്തിനായി ധാരാളം കത്തുകൾ ട്രാജന് എഴുതിയിരുന്നു. അയാളുടെ എഴുത്തുകളിൽ ഒന്നിൽ, താൻ കണ്ട ക്രിസ്തീയ ഭീഷണിയെ കുറിച്ച് എഴുതിയിരുന്നു.[2]

അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ ക്ഷേത്രങ്ങൾ ആരും ശ്രദ്ധിക്കാതെയും ഉപയോഗിക്കാതെയും കിടക്കുന്നത് പ്ലിനിയുടെ ശ്രദ്ധയിൽപെട്ടു. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ അനവധി ക്രിസ്ത്യാനികളായി തീർന്നതിനാൽ, അവരുടെ ശ്രീകോവിലുകൾ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഇടിഞ്ഞു വീഴുവാൻ തുടങ്ങിയിരിക്കുന്നു. ക്രിസ്ത്യാനികൾ കൂടി വരുന്നതിനെ താൻ വിലക്കിയതായി നാടുവാഴി ട്രാജന് എഴുതിയിരുന്നു. ക്ഷേത്രങ്ങൾ പുനരേകീകരിക്കുന്നതിനെ താൻ പ്രോൽസാഹിപ്പിച്ചതായും പറയുന്നു. എങ്ങനെയായാലും, ക്രിസ്ത്യാനികളിൽ പ്രകടമായ കുറ്റങ്ങൾ ഒന്നും കാണാതിരുന്നതിനാലാണ് അയാൾ ചക്രവർത്തിയുടെ ഉപദേശം തേടിയത്. ക്രിസ്തുവിന്റെ നാമം ധരിക്കുന്നതു തന്നെ കുറ്റമായിരുന്നോ? ഒരാൾ ക്രിസ്ത്യാനിയായെന്ന കുറ്റം ചുമത്തപ്പെട്ടാൽ, കുറ്റവാളിയോട് നേരിട്ട് അവനു വേണ്ടി സംസാരിക്കുവാൻ നാടുവാഴി ആവശ്യപ്പെടും. ഒരാൾ ക്രിസ്ത്യാനി ആയെന്ന കാര്യം നിഷേധിക്കുകയോ, അല്ലെങ്കിൽ മുൻപ് ആയിരുന്നു എങ്കിലും ഇപ്പോൾ അല്ല എന്നു പറഞ്ഞാൽ, പ്ലിനി അയാളോട് കൈസരെ ആദരിക്കുവാൻ പറഞ്ഞ ശേഷം വിട്ടയച്ചിരുന്നു. നേരെ മറിച്ച് ഒരാൾ ക്രിസ്ത്യാനിയാണെന്ന് ഏറ്റു പറഞ്ഞാൽ, പ്ലീനി അയാളോട് മൂന്നു പ്രാവശ്യം ചോദ്യം ആവർത്തിക്കും. എന്നിട്ടും അയാൾ തള്ളിപ്പറഞ്ഞില്ലെങ്കിൽ, പ്ലിനി അയാളെ തൂക്കി കൊല്ലുവാൻ വിധിക്കുമായിരുന്നു.

1 പത്രൊസിന്റെ ലേഖനം എഴുതി ഏകദേശം കഷ്ടിച്ച് അമ്പതു വർഷങ്ങൾക്കു ശേഷമായിരുന്നു പ്ലിനി എഴുതിയത്. കൂടാതെ, പത്രൊസിന്റെ ആദ്യ വായനക്കാർ താമസിച്ചിരുന്ന അതേ സ്ഥലത്തുനിന്നായിരുന്നു പ്ലിനി എഴുതിയത്. നാടുവാഴിയുടെ എഴുത്ത് ചോദ്യങ്ങൾ ഉയർത്തുന്നു. വേറെയും റോമൻ നാടുവാഴികൾ ഉണ്ടായിരുന്നോ? അല്ലെങ്കിൽ പ്ലിനിയെപോലെ നടപടി എടുത്തിരുന്ന പ്രാദേശിക പട്ടണ മേലധികാരികൾ ഉണ്ടായിരുന്നോ? ഏതു സമയത്തായിരുന്നു ക്രിസ്ത്യാനികൾ ഭരണാധികാരികൾക്ക് ഭീഷണിയായി തീർന്നത്? പത്രൊസിന്റെ വായനക്കാരുടെ സാഹചര്യം പ്ലിനി വിവരിച്ചതു തന്നെ ആയി

രിക്കുവാൻ സാധ്യതയില്ല എങ്കിലും, അന്യദേവന്മാർ ക്രിസ്ത്യാനികളെ കുറിച്ച് ചിന്തിച്ചിരുന്ന രസകരമായ ചില ഉൾക്കാഴ്ച്ച അതിൽനിന്ന് ലഭിക്കും. അവർ അന്യന്മാരും, ശല്യക്കാരും, വ്യവസ്ഥാപിത മതങ്ങൾക്ക് ഭീഷണിയുമായിരുന്നു. അവരുടെ വഴികൾ അകൽച്ച പാലിക്കുന്നതും നിന്ദ്യവുമായിരുന്നു. ആ പുതിയ മതത്തെ അന്ധവിശ്വാസമായിട്ടായിരുന്നു അന്യദേവനെ നമസ്ക്കരിച്ചിരുന്നവർ കരുതിയത്, അവർക്ക് യോജിക്കുന്നതല്ല എന്നും വിചാരിച്ചു.

പ്ലിനി തന്റെ എഴുത്തിൽ പറഞ്ഞതുപോലെയും പത്രൊസ് പറഞ്ഞതായ "അഗ്നിപരീക്ഷയും" പത്രൊസിന്റെ വായനക്കാരിൽ ഒന്നിലധികം ദിശയിൽ നിന്നായിരിക്കാം വന്നത്. ഒരു വശത്ത്, സഭയുമായി നേരിയ പരിചയം മാത്രമുള്ള പ്രാദേശികരായ ആളുകൾക്ക് അനൗപചാരിക അസഹനീയത വളർന്നു വന്നിരിക്കാം. അതോടൊപ്പം ചെറിയ തോതിൽ ഔദ്യോഗികമായ അമർത്തലും ഉൾപ്പെട്ടിരിക്കാം. അങ്ങനെ പറഞ്ഞതുകൊണ്ട് ക്രിസ്ത്യാനികൾക്കെതിരായി ഒരു റോമൻ നയം ഉണ്ടായിരിക്കുവാൻ സാധ്യത കുറവാണ്, ചുരുങ്ങിയത് പ്രാരംഭഘട്ടത്തിൽ. കൈസറുടെ ബിംബത്തിൽ ബലി കഴിക്കുവാൻ ക്രിസ്ത്യാനികൾ കൂട്ടാക്കാതിരുന്ന മുൻ കീഴ്‌വഴക്കമായിരിക്കാം പ്ലിനിയുടെ സമയത്ത് അയാളും തുടർന്നത്, അയാൾ അത് ആരംഭിച്ചിരിക്കുവാനും സാധ്യതയുണ്ട്.

പത്രൊസ് തന്റെ വായനക്കാരുടെ കഷ്ടതകളെ 1:6-9 ൽ വിവരിച്ചപ്പോൾ, [അവരുടെ] "വിശ്വാസം തെളിയിക്കപ്പെടുവാനാണ്" കഷ്ടതകൾ അനുഭവിക്കുന്നത് എന്നു പറഞ്ഞു. അതേ അർത്ഥം തന്നെയാണ് ഇവിടെയും. അവർക്ക് നേരിട്ട "അഗ്നി പരീക്ഷ" **ശോധനക്കായിട്ടായിരുന്നു** എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. ദൈവം ഏകപക്ഷീയമായി കഷ്ടത വരുത്തുകയായിരുന്നില്ല. മറിച്ച്, കഷ്ടത വിശ്വാസികളിൽ വരുവാൻ ദൈവം അനുവദിക്കുകയും, അങ്ങനെ അവർ വിശ്വാസത്തിൽ കൂടുതൽ ശക്തി പ്രാപിക്കുകയും, തങ്ങൾ തിരഞ്ഞെടുത്ത മാർഗത്തിൽ അവർ കൂടുതൽ സമർപ്പണമുള്ളവരാകുകയും ചെയ്യുമായിരുന്നു. ആ രീതിയിൽ അത് വിശ്വാസത്തിലുള്ള "ശോധന" ആയിരുന്നു. പരീക്ഷണത്തെ അവർ അതിജീവിച്ച് അംഗീകരിക്കപ്പെട്ടു. ആ പരീക്ഷണത്തെ പത്രൊസിന്റെ വായനക്കാർ **അപൂർവ്വമായി** കാണാതിരിക്കുവാൻ രണ്ട് കാരണങ്ങൾ ഉണ്ടായിരുന്നു: (1) അന്യദേവന്മാരെ നമസക്കരിച്ചിരുന്നവരുടെ അശ്രദ്ധയോടെയുള്ള ജീവിതം ക്രിസ്ത്യാനികളുടെ നല്ല ജീവിതത്തെ കണ്ട് കുറ്റം ആരോപിക്കുവാൻ തുടങ്ങി. (2) ദൈവം പരീക്ഷണത്തെ അനുവദിച്ച് അവരുടെ വിശ്വാസത്തെ ശോധന ചെയ്തപ്പോൾ, അത് അവരെ കൂടുതൽ ശക്തരാക്കി.

**വാക്യം 13.** യേശു ജീവിച്ചത് കഷ്ടതയോടുകൂടെ ആയിരുന്നതിനാൽ, ക്രിസ്ത്യാനികളും ആ ജീവിതം സ്വീകരിച്ചപ്പോൾ, കഷ്ടത പ്രതീക്ഷിച്ചിരുന്നു. യേശു പറഞ്ഞു, "എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെ കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ" (മത്താ. 5:11). പൗലൊസ് പറഞ്ഞു, "ഇപ്പോൾ ഞാൻ നിങ്ങൾക്ക് വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായയുള്ളത് എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന്നു വേണ്ടി പൂരിപ്പിക്കുന്നു" (കൊലൊ. 1:24). ആട്ടിടയന്മാരോടെന്നപോലെ അവൻ പ്രബോധിപ്പിച്ചു, "എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊ. 3:12). യേശു ദൈവത്തിന്നു പ്രസാദകരമായ ജീവിതം തിരഞ്ഞെടുത്തപ്പോൾ അഭക്തരായ മനുഷ്യരിൽനിന്ന് കഷ്ടത അനുഭവപ്പെട്ടു എങ്കിൽ, അവന്റെ അനുയായികളും അതേ

രീതിയിൽ കഷ്ടത അനുഭവിക്കുമ്പോൾ അത് അപ്രതീക്ഷിതമായി കാണേണ്ട തില്ല. " 'ദാസൻ യജമാനനേക്കാൾ വലിയവൻ അല്ല' എന്നു ഞാൻ പറഞ്ഞ വാക്കുകൾ ഓർമ്മിക്കുക. അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും" (യോഹ. 15:20). കഷ്ടത സന്തോഷം വർദ്ധിപ്പിക്കുമെന്നാണ് പത്രൊസ് പറഞ്ഞത്; അത് ഒരിക്കലും സന്തോഷത്തെ കുറക്കുകയില്ല. **ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ** എന്നു പത്രൊസ് എഴുതിയതിനാൽ, അതു വരുമ്പോൾ അതിശയിക്കുവാനില്ല.

1:7 ലേതുപോലെ, തന്റെ വായനക്കാർ ക്രിസ്തുവിന്റെ നാമത്തിൽ അനുഭവിച്ച കഷ്ടങ്ങളാൽ അവർ ക്രിസ്തുവിന്റെ പങ്കുകാരാകുമെന്ന് പത്രൊസ് അവർക്ക് ഉറപ്പ് നൽകി. **അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ സന്തോഷിക്കുവാനാകും** എന്ന ഉറപ്പാണ് അവരുടെ കഷ്ടത നൽകിയത്. "സന്തോഷിച്ചുകൊൾവിൻ" എന്ന് അപ്പൊസ്തലൻ രണ്ട് പ്രാവശ്യം പറഞ്ഞിരിക്കുന്നു. "സന്തോഷിച്ചുകൊണ്ടിരിപ്പിൻ," ഇപ്പോൾ, അവൻ പറയുന്നു, അങ്ങനെ "അവന്റെ തേജസിന്റെ പ്രത്യക്ഷതയിൽ, നിങ്ങൾ സന്തോഷിപ്പാൻ ഇടവരും." എങ്ങനെയായാലും, ക്രിസ്ത്യാനികൾ ഇപ്പോൾ അനുഭവിക്കുന്ന സന്തോഷവും, കർത്താവിന്റെ പ്രത്യക്ഷതയിൽ ലഭിക്കുന്ന സന്തോഷവും താരതമ്യം ചെയ്യുവാൻ സാധ്യമല്ല. പത്രൊസ് ക്രിയകളെ യോജിപ്പിച്ച് ഉപയോഗിച്ചിരിക്കുകയാണ്. കർത്താവ് വരുമ്പോഴുണ്ടാകുന്ന സന്തോഷം അതിരുകവിഞ്ഞതായിരിക്കും-**ഉല്ലസിച്ചാനന്ദിക്കും**. ഇവിടെ മാത്രമല്ല, മത്തായി 5:12 ലും വെളിപ്പാട് 19:7 ലും, "സന്തോഷിപ്പിൻ" (*കയീരോ*) എന്നും "ഉല്ലസിച്ചാനന്ദിപ്പിൻ" (*അഗാല്ലിയാവോ*) എന്നും തുടർച്ചയായി ഉപയോഗിച്ചിരിക്കുന്നു. "എക്സൽട്ട്" എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത് "ബി ഗ്ലാഡ്" അല്ലെങ്കിൽ "ബി ഓവർജോയ്ഡ്" എന്നാണ്.

സന്തോഷമില്ലാതിരുന്ന സമയത്താണ് പത്രൊസ് തന്റെ വായനക്കാരോട് സന്തോഷിക്കുവാൻ പറഞ്ഞത്. അവിടെ വിജയവുമുണ്ടായിരുന്നു. യേശു കഷ്ടതയിൽ വിജയിച്ചതുപോലെ വിശ്വാസികളും വിജയിക്കും. യേശു ക്രൂശിക്കപ്പെട്ടപ്പോൾ, വിട്ടുവീഴ്ച്ച ചെയ്യുവാൻ കഴിയാത്ത വിജയത്താൽ അതിരുകവിഞ്ഞ സന്തോഷമായിരുന്നു അവൻ അനുഭവിച്ചത്. കഷ്ടതയിൽ സന്തോഷം തിരിച്ചറിയുവാൻ കഴിയുമെങ്കിലും, തെജസിന്റെ ഒരു മുൻ നിഴൽ ഈ കാലഘട്ടത്തിൽ തന്നെയുണ്ട്. പാപത്തിന്മേലും മരണത്തിന്മേലും ഉള്ള ജയത്തിൽ ക്രിസ്ത്യാനികൾ ക്രിസ്തുവിനോട് പങ്കുകാരാകുകയാണ്. അപ്പോഴും, തിരിച്ചറിയുവാനിരിക്കുന്നത് ചിലത് ഉണ്ട്. "അവന്റെ തേജസിന്റെ പ്രത്യക്ഷതക്കും" സന്തോഷം പരിപൂർണ്ണമാകുന്നതിനുമാണ് വിശ്വാസികൾ കാത്തിരിക്കുന്നത്. "... നാം അവനോടുകൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന്ന് അവനോടുകൂടെ കഷ്ടം അനുഭവിച്ചാലത്രെ" എന്നു പൗലൊസ് എഴുതിയപ്പോൾ പത്രൊസിന്റെ ചിന്തയോട് അവനും യോജിക്കുന്നു (റോമ. 8:17).

**വാക്യം 14**. കഷ്ടത അതിൽ തന്നെ ഗുണമുള്ളതായിട്ടാണ് ചില ക്രിസ്തീയ പാരമ്പര്യം പഠിപ്പിക്കുന്നത്. സുഖലോലുപത ത്യജിക്കുന്നതോ അല്ലെങ്കിൽ കഷ്ടത അനുഭവിക്കുന്നതോ വിശുദ്ധി പ്രാപിക്കുന്നതിനാണെന്ന് പത്രൊസ് പറഞ്ഞില്ല. ഒരാൾ ക്രിസ്തുവിനെ അറിഞ്ഞ് മാന്യവും നീതിയുമുള്ള ജീവിതം നയിക്കുമ്പോൾ, അത് അയാൾക്ക് **ക്രിസ്തുവിന്റെ നാമം നിമിത്തം സന്തോഷിക്കുവാൻ ഇട നൽകും**. ഈ ലോകത്തിന്റെ കാലഗതിയനുസരിച്ച് ജീവിക്കുന്നവർ ക്രിസ്ത്യാനികളെ കുറിച്ച് ദുഷിച്ച് സംസാരിക്കും, അവർ നല്ല ജീവിതം

നയിക്കുമ്പോൾ അയോഗ്യരായ ആളുകൾ അവർക്ക് എതിരെ ദുരാരോപണ ങ്ങൾ ഉന്നയിച്ച് അവമതിപ്പുണ്ടാക്കും. അവർ ക്രിസ്ത്യാനികളെ അധിക്ഷേപി ക്കുമ്പോൾ, അവരുടെ കർത്താവിനെയാണ് അധിക്ഷേപിക്കുന്നത്. അത്തരം കാര്യങ്ങളെ ക്രിസ്ത്യാനികൾ സഹിക്കുമ്പോൾ, അവർ ഭാഗ്യമുള്ളവവരായി തീരുന്നു.

"ക്രിസ്തുവിന്റെ നാമം നിമിത്തം" എന്ന പ്രയോഗം താൽപര്യം ജനിപ്പി ക്കുന്നതാണ്. ഒരു പേർ എന്നു പറയുന്നത് പുരാതനകാലത്ത് പരിചയപ്പെടു ത്തുവാൻ കഴുത്തിൽ തൂക്കിയിടുന്നതിനപ്പുറമായിരുന്നു. മറ്റൊരാളുടെ പേരിൽ എന്തെങ്കിലും ചെയ്യുന്നത് ആ വ്യക്തിയെ ഇടപാടിലേക്ക് കൊണ്ടുവരുന്നതാ ണ്. ആരുടെയെങ്കിലും പേരുപയോഗിച്ച് ഒരാളെ ശപിക്കുന്നത്, ശാപത്തിന്റെ ശക്തി കൂട്ടുന്നതാണ് എന്നായിരുന്നു അവരുടെ വിശ്വാസം. ഒരു പ്രതിമ നിർത്തുന്നതിനേക്കാൾ ഗുണം ഒരു പേർ ചെയ്യും. ദർശനാത്മകമായി ഒരാളുടെ വ്യക്തിത്വം വ്യാപിപ്പിക്കുന്നതാണ് പേർ. ഈ ലോക കാഴ്ച്ചപ്പാട് അനുസരി ച്ച്, "ക്രിസ്തുവിന്റെ നാമത്തിനു വേണ്ടി നിന്ദിക്കപ്പെടുന്നത്" "ക്രിസ്തുവിൻ നിമിത്തം നിന്ദിക്കപ്പെടുന്നതാണ്."

പത്രൊസിനെ പോലെ യാക്കൊബും ധനവാന്മാരെ കുറിച്ചു പറയുമ്പോൾ പേരിന്റെ പ്രാധാന്യം എടുത്തു പറയുന്നു, "നിങ്ങളുടെ മേൽ വിളിച്ചിരിക്കുന്ന നല്ല നാമത്തെ അവർ അല്ലയോ ദുഷിക്കുന്നത്?" (2:7). ബൈബിൾ എഴു ത്തുകാർ മാത്രമല്ല പേരിന്നു പ്രാധാന്യം കൊടുത്ത് എഴുതിയിരിക്കുന്നത്. ക്രിസ്ത്യാനികളായി തീർന്ന കുറ്റത്തിനു അവരെ ശിക്ഷിക്കാമോ അല്ലെങ്കിൽ ക്രിസ്ത്യാനി എന്ന നാമം ധരിച്ചാൽ അവരെ കുറ്റപ്പെടുത്താമോ എന്ന ഉപ ദേശം തേടിയായിരുന്നു പ്ലിനി ട്രാജന് കത്തെഴുതിയത് (4:12 ന്റെ പരാമർശം നോക്കുക). ക്രിസ്ത്യാനി എന്ന പേർ സ്വീകരിച്ചതുകൊണ്ടു മാത്രം അന്യ ദേവന്മാരെ നമസ്ക്കരിച്ചിരുന്നവർ പത്രൊസിന്റെ വായനക്കാരെ ഉപദ്രവിച്ചി രുന്നു. അത്തരം ആളുകളെ കുറിച്ച് മുൻപ് അവൻ പറഞ്ഞു, "ജീവികളെയും മരിച്ചവരെയും ന്യായം വിധിപ്പാൻ ഒരുങ്ങിയിരിക്കുന്നവന്നു അവർ കണക്കു കൊടുക്കേണ്ടി വരും" (4:5). "ക്രിസ്തുവിന്റെ നാമം നിമിത്തം" ഭക്തിയോടെ ജിവിച്ചാൽ നിന്ദിക്കപ്പെടുകയാണെങ്കിൽ അതിൽ ഭാഗ്യം ഉൾപ്പെട്ടിരിക്കുന്നു.

4:14 ന്റെ അവസാന ഭാഗത്ത് ഇംഗ്ലീഷിൽ വായനക്കാരന് യോഗ്യമായ രീതിയിൽ തർജ്ജിമ ചെയ്തിട്ടുണ്ടെങ്കിലും, ഗ്രീക്കിൽ മോശമായ ഒരു പ്രയോഗമാണ്. അക്ഷരികമായി അതു പറയുന്നത്, "തേജസും ദൈവാത്മാവും നിങ്ങളിൽ വസിക്കുന്നതുകൊണ്ട്." "ദ" (*το*) എന്നത് നിഷ്പ്പക്ഷ ഏകവചന ആർട്ടിക്കിളാണ്. അർത്ഥം "തേജസിന്റെ കാര്യവും ദൈവത്തിന്റെ ആത്മാവും" എന്നായിരിക്കാം. എൻഏഎസ്ബിയിലും മറ്റു തർജ്ജിമകളിലും, ആർട്ടിക്കിളി ന്റെ ആവർത്തനം ഒഴിവാക്കി വ്യാകരണ പിശക് മാറ്റി **തേജസിന്റെ ആത്മാവും ദൈവവും നിങ്ങളിൽ വസിക്കുന്നു** എന്നാക്കി. ഒരുപക്ഷെ ആരംഭത്തിലെ ശാസ്ത്രി വേറൊരു ആർട്ടിക്കിൾ കൂട്ടി ചേർത്തതായിരിക്കാം. മിക്ക തർജ്ജി മകളിലും അത് ഊഹമായിരുന്നേക്കാം, എന്നാൽ കയ്യെഴുത്തു പ്രതികളുടെ തെളിവ് പറയുന്നത് രണ്ട് ആർട്ടിക്കിളും ഉള്ളതായിട്ടാണ്.

ആ വാക്കുകൾ "തേജസിന്റെ കാര്യവും ദൈവാത്മാവും നിങ്ങളിൽ വസി ക്കുന്നു"[3] എന്നാണ് വരേണ്ടത് എന്ന് എഡ്വേർഡ് ഗോർഡൻ സെൽവിൻ വാദിച്ചിരിക്കുന്നു. ആ പ്രയോഗത്തിന് പത്രൊസ് യെഹൂദഭക്തിയാണ് ഉപയോ ഗിച്ചത് എന്ന് അയാൾ പറഞ്ഞു. പത്രൊസിന്റെ കാലത്തിനു മുൻപ് റബ്ബിമാർ

*ഷെക്കിനാ* എന്ന വാക്ക് ആണ് അസാധാരണ വിശുദ്ധിക്കായുള്ള ദൈവിക സാന്നിധ്യത്തിന് ഉപയോഗിച്ചത്. സിനായ് പർവ്വതത്തിൽനിന്ന് മോശെ ദൈവം നൽകിയ പത്തുകൽപനകൾ എഴുതിയ കൽപലകയുമായി യിസ്രായേൽ പാളയത്തിലേക്ക് ഇറങ്ങി വന്നത് ദൈവത്തിന്റെ *ഷെക്കിനാ*യുമായിട്ട് ആയിരുന്നു (പുറ. 34:29, 30 നോക്കുക). ദൈവത്തിന്റെ സ്വന്ത തേജസും ദൈവത്തിന്റെ ആത്മാവും അവരോടുകൂടെ വസിക്കുന്നതായിട്ടാണ് പത്രൊസ് പറഞ്ഞതെന്നായിരുന്നു സെൽവിൻ വാദിച്ചത്.

ക്രിസ്തുവിനും ക്രിസ്ത്യാനികൾക്കും സാധാരണ ഉപയോഗിക്കാറുള്ള യെശയ്യാവ് 11:1, 2 ലെ ഭാഷയാണ് പത്രൊസ് ഉപയോഗിച്ചതെന്നാണ് മൈക്കിൾസ് പറഞ്ഞത്.[4] സ്കൂളുകളിലെ റബ്ബിമാരുടെ വ്യാഖ്യാനത്തോട് പത്രൊസിന്റെ വിശദീകരണം ഐകരൂപ്യപ്പെടുന്നതായി സെൽവിന്റെ വ്യാഖ്യാനം അവകാശപ്പെടുന്നത്, ചെറിയ പിന്തുണ മാത്രമാണ് നൽകുന്നത്. യെശയ്യാവ് 11:1, 2 ന്റെ ക്രിസ്തീയ വ്യാഖ്യാനമാണ് പത്രൊസ് പരിഗണിച്ചിരിക്കുന്നത് എന്നാണ് മൈക്കിൾസിന്റെ വ്യാഖ്യാനം അവകാശപ്പെടുന്നത്. ഊഹിക്കപ്പെട്ട പരിഹാരമാണ് നല്ലത്. മിക്ക തർജ്ജിമക്കാരുടേയും പരിശീലനത്തെ പിൻപറ്റുക എന്നതാണ് പ്രശ്ന പരിഹാരം. ആദ്യം പകർത്തിയ ആൾ അശ്രദ്ധയോടെ രണ്ടാമത് ഒരു ആർട്ടിക്കിൾ ഉപയോഗിച്ചതായി ഇവിടെ വായിക്കാം.

ഒരു വിശ്വാസി ക്രിസ്തുവിന്റെ നാമം നിമിത്തം പരിഹസിക്കപ്പെടുകയോ നിന്ദിക്കപ്പെടുകയോ ചെയ്യുമ്പോൾ, ആ കാര്യത്തിനപ്പുറമായി, ഒരു പരിധി വരെ ദൈവത്തിന്റെ ആനുകൂല്യവും ഭാഗ്യവും നൽകുമെന്നാണ് പത്രൊസ് പറഞ്ഞതെന്നു തോന്നുന്നു. ക്രിസ്ത്യാനികളുടെ വളർച്ചക്ക് ആത്മിയ വിഭവങ്ങൾ ആവശ്യമായിരിക്കെ, ഒരുപക്ഷെ അവ നൽകുന്നതിനായിരിക്കാം ദൈവം സന്നിഹിതനാകുന്നത്. തന്റെ ജനത്തിൽനിന്ന് ദൈവം അനുസരണം വെറുതെ ആവശ്യപ്പെടുകയല്ല, മറിച്ച്, അനുസരിക്കുവാനുള്ള ശക്തിയും ദൈവം പ്രദാനം ചെയ്യും. ദൈവാത്മാവും മനുഷ്യാത്മാവും തമ്മിൽ എങ്ങനെ യോജിച്ചു പ്രവർത്തിക്കുന്നു എന്നത് വിശദീകരിക്കുവാൻ പ്രയാസമാണ്, എങ്കിലും വാഗ്ദാനം വളരെ വ്യക്തമാണ്. അതേ സമയം മനുഷ്യൻ സ്വയം വരുത്തി വെച്ച പാപകുരുക്കിൽനിന്നു ദൈവകൃപ വിടുവിക്കുമെന്ന് കരുതരുത്. മനുഷ്യന്റെ ഉത്തരവാദിത്തവും തിരഞ്ഞെടുപ്പും വിശ്വാസിയുടെ ഉള്ളിലെ ദൈവാത്മാവ് എങ്ങനെ യോജിച്ചു പ്രവർത്തിക്കുന്നു എന്നത് ദൈവിക ജ്ഞാനത്തിൽ വിട്ടുകളയുകയാണ് നല്ലത്.

**വാക്യം 15.** ആരും അവരെ കുറിച്ച് കുറ്റം ആരോപിക്കാത്ത വിധത്തിൽ തന്റെ വായനക്കാർ മാതൃകയുള്ള ജീവിതം നയിക്കുവാനാണ് പത്രൊസ് ലേഖനം മുഴുവൻ ആഹ്വാനം ചെയ്യുന്നത് (2:12, 20; 3:17). പരിഹസിക്കപ്പെടുമ്പോഴോ, നിന്ദിക്കപ്പെടുമ്പോഴോ അതേ അളവിൽ പകരം വീട്ടുവാനുള്ള മനോഭാവം ഉണ്ടാകുമെന്നതാണ് മനുഷ്യന്റെ പരാജയം. പത്രൊസ് മുൻപ് യേശുവിന്റെ ഉദാഹരണം സൂചിപ്പിക്കുകയുണ്ടായി. തന്നെ ശകാരിച്ചിട്ട്, "അവൻ പകരം ശകാരിച്ചില്ല" (2:23). കൂടാതെ, ഓരോ പുതിയ പരിവർത്തകനും കർത്താവിന്റെ സമർപ്പണം തന്റെ ജീവിതത്തിൽ ഗൗരവത്തോടെ തന്നെ എടുക്കണം. ക്രിസ്തുവിന്റെ നാമം ധരിച്ചിട്ട്, കർത്താവ് ആവശ്യപ്പെടുന്ന വിശുദ്ധ ജീവിതം നയിച്ചിട്ട് നിരപരാധികളായിരിക്കുമ്പോൾ കഷ്ടയനുഭവപ്പെടുന്നുവെങ്കിൽ അവിടെയാണ് മഹത്വമുള്ളത്. എങ്ങനെയായാലും, ക്രിസ്ത്യാനികളെന്ന് അവകാശപ്പെട്ട് ക്രിസ്തുവിന്റെ പിന്നിൽ മറഞ്ഞിരുന്നു ദുഷ്പ്രവൃത്തികളിൽ

ആശ്രയിക്കുന്നവർ ലജ്ജിക്കപ്പെടും. “നിങ്ങൾ ലോകത്തിന്നു കാണിച്ചു കൊടുക്കുന്ന മാതൃക സൂക്ഷിക്കുക.” “നിങ്ങൾ തെറ്റു ചെയ്യുമ്പോൾ, നിങ്ങളുടെ മാതൃക വിശ്വാസ സമൂഹത്തെ മുഴുവനും ബാധിക്കും, അക്കാരണത്താൽ അത് കർത്താവിനെ ബാധിക്കും” എന്നാണ് പത്രൊസ് ഓർപ്പിക്കുന്നത്.

പ്രത്യേകമായിട്ടാണ് പത്രൊസ് പറയുന്നത്. ക്രിസ്ത്യാനികൾ നാല് കാര്യങ്ങൾ ചെയ്ത് കുറ്റമുള്ളവരായി തീരരുത് എന്നാണ് പത്രൊസ് പറയുന്നത്. ആ ലിസ്റ്റിൽ പറയുന്ന പ്രവൃത്തികളെ സംബന്ധിച്ച് തെറ്റിദ്ധാരണയുണ്ടായേക്കാം. **നിങ്ങളിൽ ആരും കുലപാതകനോ, കള്ളനോ, ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്** എന്നാണ് അപ്പൊസ്തലൻ എഴുതിയത്. കുലപാതകവും മോഷണവും അത്യന്തം വലിയ പാപങ്ങൾ തന്നെയാണ് എന്ന് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഏറ്റവും അവഗണിക്കപ്പെട്ട ക്രിസ്ത്യാനി പോലും ന്യായീകരിക്കാത്തതല്ലേ കുലപാതകവും മോഷണവും? മൂന്നാമതായി പറഞ്ഞിരിക്കുന്നത് **ദുഷ്പ്രവൃത്തി** ആണ്, അത് പൊതുവായി പറഞ്ഞിരിക്കുന്നതിനാൽ, നമുക്ക് ചെറിയ അർത്ഥമാണ് എടുക്കുവാൻ കഴിയുന്നത്. നാലാമതായി പത്രൊസ് പ്രയോഗിച്ചിരിക്കുന്നത് **പരക്കാര്യത്തിൽ ഇടപെടുന്നതാണ്**. ആ സമയത്തിനു മുൻപ്, ഗ്രീക്ക് സാഹിത്യത്തിൽ ആ വാക്ക് ഉപയോഗിച്ചിരുന്നില്ല. രണ്ട് നൂറ്റാണ്ടുകൾക്ക് ശേഷം, ആ വാക്ക് “ഇടപെടുക” എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു, പക്ഷെ അതിൽ പത്രൊസ് അർത്ഥമാക്കുന്നത് തീർച്ചയില്ല.

തർജ്ജിമക്കാർ അതിനെ പ്രതിഫലിപ്പിച്ചില്ലെങ്കിലും, പത്രൊസ് അവസാനത്തെ ഐറ്റത്തിനു മുൻപ് “പോലെ” (*ഹോസ്*) എന്നത് ആവർത്തിച്ചിരിക്കുന്നു. ഒരുപക്ഷെ അത് ഒരു സ്റ്റൈലായിരിക്കാം, “ആസ്” എന്നത് ആവർത്തിച്ചിരിക്കുന്നതിനാൽ തന്റെ വായനക്കാർ ആ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതിനു വേണ്ടിയായിരിക്കാം. ആദ്യ മൂന്നു കാര്യങ്ങൾ വിരസമായി പറഞ്ഞിട്ട് നാലാമത്തെ കാര്യം “പരക്കാര്യത്തിൽ ഇടപെടുന്നത്” പ്രത്യേക ശ്രദ്ധ ചെലുത്തുവാൻ പറഞ്ഞത്, അധികം ആളുകളും അത് കാര്യമാക്കാതിരിക്കുന്നതിനാലാകാം. മറ്റു തർജ്ജിമകളിൽ “മെഡലർ” എന്നും (എൻഐവി) “മിസ്ചീഫ് മെയ്ക്കർ” എന്നും (എൻആർഎസ്‌വി) ആണ്.

നാലാമത് പത്രൊസ് പറയുന്ന “പരക്കാര്യത്തിൽ ഇടപെടുന്നത്” എന്നത് വന്നിരിക്കുന്നത് *അലോട്രിയെപിസ്കോപോസ്* എന്ന ഗ്രീക്ക് വാക്കിൽനിന്നാണ്. രണ്ട് ഗ്രീക്ക് വാക്കുകൾ ചേർന്ന ഒരു സംയുക്ത വാക്കാണ് അത്. ആദ്യഭാഗം വന്നിരിക്കുന്നത് *അല്ലോട്രിയോസ്* എന്ന വാക്കിൽനിന്നാണ്, മറ്റൊരാളുടെ കാര്യത്തെ വിവരിക്കുന്ന അർത്ഥമാണ് അതിനുള്ളത്. പകരമായി അത് ഒരു വിദേശിയെയോ അല്ലെങ്കിൽ ശത്രുവിനെയോ സൂചിപ്പിക്കുന്നതുമാകാം. ആ വാക്കിലെ രണ്ടാമത്തെ ഭാഗം *എപിസ്കോപോസ്* ആണ്. ആ വാക്ക് 1 പത്രൊസ് 2:25–ൽ തർജ്ജിമ ചെയ്തിരിക്കുന്നത് “ഗാർഡിയൻ” എന്നാണ്. ഫിലിപ്പിയർ 1:1 ലും, 1 തിമൊഥെയൊസ് 3:2 ലും മറ്റു ഭാഗത്തും ആ വാക്ക് കെജെവി തർജ്ജിമ ചെയ്തിരിക്കുന്നത് “ബിഷപ്പ്” എന്നാണ്. എൻഏഎസ്ബിയിലും എൻഐവിയിലും “ഓവർസിയർ” എന്നാണ്. ഗ്രീക്ക് സാഹിത്യത്തിൽ ഒരു *എപിസ്കോപോസ്* എന്നു പറയുന്നത് കീഴടക്കിയ സാഹചര്യത്തിൽ നടത്തിപ്പുകാരനായി ചുമതലയുള്ള ആൾ അല്ലെങ്കിൽ ജയിച്ച ഗവൺമെന്റ് ഓർഡർ എന്നാണ്. ആക്രമിച്ച് ഒരു പട്ടണത്തെ കീഴ്പ്പെടുത്തി നശിപ്പിക്കുവാൻ മേൽനോട്ടത്തിനു ഒരാളെ ഉത്തരവാദിത്തം ഏൽപിക്കുന്നതിനോ, അല്ലെങ്കിൽ ഭൂകമ്പം ബാധിച്ച

നാശ നഷ്ടം വരുത്തിയ സാഹചര്യം മേൽനോട്ടം വഹിക്കുന്നതിനോ ആ വാക്ക് ഉപയോഗിച്ചിരുന്നു. അപ്പോൾ കാര്യങ്ങൾ ക്രമപ്പെടുത്തുവാനുള്ള ഉത്തരവാദിത്തം ഗവൺമെന്റിനുള്ളതാണല്ലൊ.

രണ്ടു വാക്കുകൾ യോജിപ്പിച്ച്, ഓരോരുത്തൻ താന്താന്റെ കാര്യം മാത്രം നോക്കുവാനായിരുന്നു പത്രൊസ് പറഞ്ഞത്. ഒരുപക്ഷെ തന്റെ വായനക്കാർ അവർക്ക് ചുറ്റും നടന്നുകൊണ്ടിരുന്ന വിഗ്രഹാരാധന നടന്ന സ്ഥലത്തും, പൊതുവായ സ്ഥലങ്ങളിലും ഇറങ്ങി ചെന്ന് തങ്ങളുടെ ആവേശം കാണിച്ചിരിക്കാം. "പൊതുജനത്തിന്റെ ധാർമ്മികതയുടെ രക്ഷകർത്താക്കളായി" ... ക്രിസ്ത്യാനികൾ മാറി എന്ന് അവൻ അറിഞ്ഞിരിക്കാം.[5] അത്തരം പെരുമാറ്റം തീർച്ചയായും അന്യദേവന്മാരെ നമസ്ക്കരിച്ചിരിക്കുന്നവരുടെ പ്രകോപനം ക്ഷണിച്ചു വരുത്തിയിരിക്കും. അത് വിശ്വാസികൾക്ക് അപ്രതീക്ഷിതമായ കഷ്ടത വരുത്തിയിരിക്കാം. എങ്ങനെയായാലും, ദയയുള്ള "മിസ്ചീഫ് മെയ്ക്കർ" അല്ലെങ്കിൽ "മെഡലർ" എന്നീ വാക്കുകളേക്കാൾ ശക്തമായ വാക്കാണ് *അല്ലൊട്രിയെപിസ്കോപോസ്*. ആ വാക്ക് പ്രക്ഷോഭകാരി, വിധ്വംസകൻ, വിപ്ലവകാരി എന്നീ സ്വഭാവങ്ങളോട് ബന്ധമുള്ള വാക്കാണ് അത്.

പത്രൊസിനും തന്റെ വായനക്കാർക്കും ഗവൺമെന്റ് ശക്തിയെ ജയിക്കുവാൻ കഴിയുമെന്നുള്ള താൽപര്യത്തിൽ കുറവുള്ളതായി ലേഖനത്തിൽ സൂചിപ്പിക്കുന്നില്ല. 2:13–17 ൽ, അധികാരികളെ ബഹുമാനിക്കുവാനും അവർക്ക് കീഴ്പ്പെട്ടിരിക്കുവാനുമാണ് പത്രൊസ് വായനക്കാരോട് പറഞ്ഞത്.[6] അവസരം കിട്ടുമ്പോൾ റോമൻ ഗവൺമെന്റിന്റെ ശക്തിയോട് പ്രതിരോധിക്കണമെന്ന സൂചന അത് നൽകുന്നുണ്ടോ? കൂടാതെ, 5:13–ൽ ബാബിലോനിലെ "അവളുടെ" (സ്പഷ്ടമായി സഭയുടെ) വന്ദനം അറിയിക്കുന്നതായി പത്രൊസ് പറഞ്ഞിരിക്കുന്നു. ബാബിലോൻ എന്നു പറയുന്നത് റോമിനെയാണെന്ന് വായനക്കാർക്ക് അറിയാമെന്ന് പത്രൊസിനു ബോധ്യമുണ്ടായിരുന്നു, റോമാലോകത്തെ കുറിച്ചും റോമാ ഗവൺമെന്റിനെ കുറിച്ചുമുള്ള അവരുടെയും പത്രൊസിന്റെയും അഭിപ്രായത്തിന് പ്രാധാന്യമുണ്ടായിരുന്നു. തന്റെ വായനക്കാരോട് ഉപേക്ഷിക്കുവാൻ പത്രൊസ് പറഞ്ഞ കാര്യങ്ങൾ പരിഗണിക്കത്തക്കതാണ്, അവയെ നിർദ്ദേശിക്കേണ്ടത്, പ്രത്യേകിച്ച് അവസാനത്തേത് പ്രാധാന്യമർഹിക്കുന്നതായിരുന്നു. കൂടാതെ, അവർ ഏതു ഗവൺമെന്റിന്റെ കീഴിലായിരുന്നുവോ താമസിച്ചിരുന്നത്, ആ ഗവൺമെന്റിനെ എതിർക്കാതെ കീഴ്പ്പെട്ടിരിക്കുവാൻ ആ നിർദ്ദേശങ്ങൾ പത്രൊസിന്റെ വായനക്കാർക്ക് അനിവാര്യമായിരുന്നു. ആ ഗവൺമെന്റുകൾ ക്രിസ്ത്യാനികൾക്ക് അലോസരമുണ്ടാക്കിയിരുന്നുവെങ്കിലും, ക്രമമുള്ള ഗവൺമെന്റ് വിശ്വാസികൾക്ക് അനുഗ്രഹമായിരുന്നു.

**വാക്യം 16**. ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ ക്രിസ്ത്യാനി എന്ന വാക്ക് പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം കാണാം. മറ്റു രണ്ടു പ്രാവശ്യം അപ്പൊസ്തലപ്രവൃത്തികളിലാണ് കാണുന്നത്. അധികവും ജാതികളിൽനിന്നു സഭയിൽ പ്രവേശിക്കപ്പെട്ട സിറിയയിലെ അന്ത്യോക്യയിലെ സഭ (ഏകദേശം എ.ഡി 45) ശൈശവ പ്രായത്തിലായിരുന്നപ്പോൾ, "ശിഷ്യന്മാർക്ക് ആദ്യം ക്രിസ്ത്യാനികൾ [എന്നു] പേരുണ്ടായതായി" ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 11:26). "വിളിച്ചു" എന്ന വാക്ക് (ക്രെമാറ്റിസോ) അർത്ഥം, "ദൈവികമായി വിളിച്ചു" എന്നാണ്. അവിടെ ജീവിച്ച പ്രവാചകന്മാരിൽ ഒരാളിൽകൂടെയായിരിക്കാം ദൈവം അത് വെളിപ്പെടുത്തിയത്.

ഏകദേശം പതിനഞ്ചു വർഷങ്ങൾക്ക് ശേഷം പൗലൊസ് അഗ്രിപ്പാവ് II ന്റെ മുൻപിൽ വിചാരണക്ക് ഹാജരാക്കി. അപ്പൊസ്തലന്റെ ഒരു ചോദ്യത്തിനു പ്രതികരണമായി രാജാവ് പറഞ്ഞു, "നീ എന്നെ അൽപം കൊണ്ട് ക്രിസ്ത്യാനിയാക്കുവാൻ നോക്കുന്നുവോ?" (പ്രവൃ. 26:28). രാജാവ് ഒരുപക്ഷെ കളിയാക്കി പറഞ്ഞതാകാം, അല്ലെങ്കിൽ ഒരു ചോദ്യമായി ഉന്നയിച്ചതാകാം ആ പ്രസ്താവന, അതുമല്ലെങ്കിൽ, ആത്മാർത്ഥതയോടെ പറഞ്ഞതുമാകാം. അർത്ഥം വ്യക്തമല്ല. വ്യക്തമായ കാര്യം എന്തെന്നാൽ "ക്രിസ്ത്യാനി" എന്ന വാക്ക് ഒന്നാം-നൂറ്റാണ്ടിന്റെ അവസാനം അല്ലെങ്കിൽ രണ്ടാം-നൂറ്റാണ്ടിന്റെ ആരംഭം വരെ വിശ്വാസികൾക്ക് പൊതുവിൽ അറിയപ്പെടാതിരുന്നു എന്നതാണ്. തന്റെ എഴുത്തുകളിൽ ഇഗ്നേഷിയസ് പല പ്രാവശ്യം ആ വാക്ക് ഉപയോഗിച്ചിരുന്നു,[7] ഒരു പ്രാവശ്യം മാത്രമാണ് ഡിഡാക്കെയിൽ ഉള്ളത്[8]-അവയെല്ലാം പൊതുവിൽ രേഖപ്പെടുത്തിയ തീയതി ഏ. ഡി. 115 ന് മുൻപ് ആണ്. അ-ക്രൈസ്തവരായ ലാറ്റിൻ എഴുത്തുകാരായ ടാസിറ്റസ്, സൂറ്റോണിയസ്, പ്ലിനി എന്നിവർ "ക്രിസ്ത്യാനി" എന്ന വാക്ക് ഉപയോഗിച്ചത് രണ്ടാം-നൂറ്റാണ്ടിന്റെ ആരംഭത്തിൽ, അവരെ തരം താഴ്ത്തുന്നതിനു വേണ്ടി ആയിരിക്കാം. അത് അങ്ങനെയാണെങ്കിലും വിശ്വാസികൾ ഒരു മടിയും കൂടാതെ അത് സ്വീകരിച്ചിരുന്നു.

ഒരാൾ ക്രിസ്ത്യാനിയായി കഷ്ടം സഹിക്കുമ്പോൾ, ലജ്ജയല്ല, പകരം അനുഗ്രഹമാണുണ്ടാകുന്നത്. ഒരു ജീവിതമാർഗമായി, മതം സ്വീകരിച്ചതിനാൽ തന്റെ വായനക്കാർ അനിശ്ചിതമായ അവസ്ഥയിലായത് പത്രൊസ് മനസിലാക്കിയിരുന്നു, അത് അവരെ സമൂഹത്തിൽനിന്ന് മാറ്റി പ്രത്യേകതയുള്ളവരാക്കിയിരുന്നു. പുരാതനകാലത്തും ആധുനിക കാലത്തും ആളുകളുടെ ജീവിതത്തിൽ യാഥാസ്ഥിതിക ശക്തി ചെലുത്തുന്നതായിരുന്നു മതം. പുതിയ മതം സ്വീകരിക്കുന്നവരെ മറ്റുള്ളവർ ആദ്യം സംശയിക്കുകയും അവിശ്വസിക്കുകയും ചെയ്തേക്കാം. സാമൂഹ്യ ദുരന്തത്തിന് കാരണക്കാർ ഇവരാണെന്ന് മറ്റുള്ളവർ മുദ്ര കുത്താം. വിശ്വാസി കഷ്ടമനുഭവിക്കുകയാണെങ്കിൽ, അത് പ്രതീക്ഷിക്കാവുന്നതാണെന്നാണ് പത്രൊസ് പറഞ്ഞത്. ക്രിസ്ത്യാനികൾ മാതൃകാപരമായി ജീവിച്ച് തെറ്റു ചെയ്യാതിരുന്നാൽ അവരെ നീതിപൂർവ്വമായി കുറ്റപ്പെടുത്തുവാൻ ആർക്കും കഴിയുകയില്ല. നമ്മുടെ ധാർമ്മിക ജീവിതത്തിൽ, നമ്മുടെ പൗരസംബന്ധമായ ഉത്തരവാദിത്വങ്ങളിൽ, ഗവൺമെന്റ് അധികാരികളോടുള്ള നമ്മുടെ ബഹുമാനത്തിൽ, നമ്മുടെ കുടുംബ ജീവിതത്തിൽ-നമ്മെ ആരും വെറുക്കുവാനോ, മോശമായി നമ്മോട് പെരുമാറുവാനോ നാം ആയിട്ട് അവസരമുണ്ടാക്കരുത്. ഇവയെല്ലാം ചെയ്തിട്ടും, ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കേണ്ടി വന്നാൽ, നാം **ലജ്ജിക്കരുത്**.

ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിച്ചാൽ, ഒരാൾ **ആ നാമം ധരിച്ചിട്ട് ദൈവത്തെ മഹത്വപ്പെടുത്തുകയാണ്** വേണ്ടത്. തന്റെ ഏറ്റു പറച്ചലും പെരുമാറ്റവും ലോകത്തിൽ ഉളവാക്കുന്ന ഫലത്തിന്റെ തെളിവാണ് കഷ്ടതയിൽ അയാൾ ദൈവത്തെ മഹത്വപ്പെടുത്തുന്നത്. യേശു പറഞ്ഞു, "സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തി പറയുമ്പോൾ, നിങ്ങൾക്ക് അയ്യോ കഷ്ടം, അവരുടെ പിതാക്കന്മാർ കള്ളപ്രവാചകന്മാരെ അങ്ങനെ ചെയ്തുവല്ലോ" (ലൂക്കൊ. 6:26). മാതൃകാപരമായ ജീവിതം നയിക്കുന്നവർ പ്രതിരോധിക്കാതിരിക്കുമ്പോൾ അവരെ കുറ്റപ്പെടുത്തുന്ന രീതിയാണ് ലോകത്തിനുള്ളത്. കഷ്ടത അതിൽ തന്നെ അവസാനിക്കുന്നതിനാൽ അതിനു വലിയ വില ഒന്നുമില്ല. ദൈവഭക്തി "ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള" സാക്ഷ്യമാണ് കഷ്ടത. ദൈവരാജ്യം

മനുഷ്യർക്ക് മദ്ധ്യേ ഉണ്ടെന്നുള്ള തെളിവാണ് അത്.

"ക്രിസ്തുവിന്റെ നാമം നിമിത്തം" പരിഹസിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ എന്നാണ് പത്രൊസ് 4:14-ൽ പറഞ്ഞത്. "ഈ നാമം" ധരിച്ച് ദൈവത്തെ മഹത്വപ്പെടുത്തണം എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ക്രിസ്തുവിന്റെ നാമം, അഥവാ ദൈവനാമം തന്നെയാണോ? അതിനു സാധ്യതയുണ്ട്, എന്നാൽ ആ വാക്ക് "ക്രിസ്ത്യാനി" എന്നായിരിക്കാനാണ് കൂടുതൽ സാധ്യത. ഏ. ഡി. 60 കളുടെ മദ്ധ്യേ പത്രൊസ് ഇതു പറയുമ്പോൾ, വിശ്വാസികൾ ആ നാമം ധരിക്കുവാൻ തുടങ്ങിയിരുന്നതേയുള്ളു. യെഹൂദന്മാരും അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരും ഈ പുതിയ മതത്തെ അവജ്ഞയോടെയായിരുന്നു കണ്ടത്. "ക്രിസ്ത്യാനി" എന്ന വാക്ക് അവർ അവിശ്വാസത്തോടും അവജ്ഞയോടും കൂടെയായിരുന്നു കണക്കാക്കിയിരുന്നത്. പത്രൊസിന് "ആ നാമം" ഒരിക്കലും ലജ്ജക്ക് കാരണമായില്ല. വിശ്വാസ ജീവിതത്തിൽ കഷ്ടത നേരിട്ടപ്പോൾ, അവനും അവന്റെ വായനക്കാരും ദൈവത്തെ മഹത്വപ്പെടുത്തുകയായിരുന്നു ചെയ്തത്.

## പ്രാണനെ വിശ്വസ്തനായ സൃഷ്ടാവിങ്കൽ ഭരമേൽപിക്കൽ (4:17-19)

**17ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലൊ. അത് നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? 18നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു എങ്കിൽ അഭക്തന്റേയും പാപിയുടേയും ഗതി എന്താകും? 19അതുകൊണ്ട് ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ട് തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേൽപിക്കട്ടെ.**

വർത്തമാനകാലത്തിൽ പിന്തുടരുന്ന കഷ്ടത, ഭാവി വാഗ്ദാനമായ മഹത്വത്തിനുള്ളതാണ്. ക്രിസ്തീയ കഷ്ടതയോട് അപ്പൊസ്തലന്റെ തുടർച്ചയായ പ്രതികരണം അവസാനത്തെ സൂചിപ്പിക്കുന്നതായിരുന്നു. വർത്തമാന കാല ക്രിസ്തീയ ജീവിതം വരുവാനുള്ള പ്രത്യാശയുടെ മുന്നോടിയായിട്ടാണ് പുതിയ നിയമം പറയുന്നത്. പത്രൊസിനും അവന്റെ വായനക്കാർക്കും വരുവാനുള്ള ലോകം, അടർത്തി മാറ്റുവാൻ കഴിയുന്ന ഒന്നായിരുന്നില്ല. അത് ലോകത്തിലേക്ക് കടന്നുവരുവാൻ തുടങ്ങിയിരുന്നു. കർത്താവിന്റെ മടങ്ങി വരവ് ആസന്നമായിരുന്നു (4:7).

**വാക്യം 17.** പുതിയ നിയമത്തിൽ, വിശ്വാസികൾ സ്വർഗരാജ്യം ലോകത്തിലേക്ക് വരുവാൻ തുടങ്ങി എന്ന വിധത്തിലായിരുന്നു ജീവിച്ചിരുന്നത്, രാജ്യത്തിന്റെ പൂർണ്ണത തിരിച്ചറിയൽ അവർക്ക് ആസന്നമായിരുന്നു. കൂടാതെ വർത്തമാന കാലത്തിൽ തന്നെ, ദൈവം അവരെ, മണവാളനു വേണ്ടി ഒരുങ്ങുന്ന "നിർമ്മല കന്യകയെ" പോലെ ദൈവത്തിന്റെ യിസ്രായേലായി ശുദ്ധീകരിക്കുകയും നിർമ്മലീകരിക്കുകയും ചെയ്തു (2 കൊ. 11:2). പത്രൊസ് പറഞ്ഞു, **ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായി**. ഈ കാലത്ത്, തന്റെ നന്മക്കും വിശുദ്ധിക്കും ഒത്തവണ്ണമുള്ള ഒരു ജനത്തെ വാർത്തെടുക്കുവാനാണ് ദൈവം ആഹ്വാനം ചെയ്തിരിക്കുന്നത്. ഒരർത്ഥത്തിൽ ക്രിസ്ത്യാനികൾക്ക് നേരിട്ട കഷ്ടത അവരിൽ ദൈവത്തിന്റെ ന്യായവിധി

ആരംഭിക്കുന്നതായി കണക്കാക്കാം. അത് അവരുടെ വിശ്വാസവും സമർപ്പ ണവും വീണ്ടും പുതുക്കുന്നതിനു കാരണമാകും.

"ഭവനം" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത് ഗ്രീക്കിൽ "വീട്" (*ഓയി കോസ്*) എന്നു മാത്രമാണെന്നത് ശ്രദ്ധേയമാണ്. ദൈവജനത്തെ രൂപകാല ങ്കാരമായി ഗൃഹജനം എന്നു പറയാതെ ഗൃഹം എന്നാണ് പറഞ്ഞിരിക്കുന്ന ത്. അതിൽ വ്യത്യാസം ഉണ്ട്. പത്രൊസ് ക്രിസ്ത്യാനികളെ ഗൃഹം എന്നു പറയുമ്പോൾ, ക്രിസ്ത്യാനികൾക്ക് അന്യോന്യമുള്ള ആശ്രയത്തെയാണ് അത് കാണിക്കുന്നത്, അതായത് ഒരു കുടുംബം എങ്ങനെയാണോ ഏർപ്പെ ടുത്തിയിരിക്കുന്നുവോ അതേപോലെയാണ് ദൈവജനവും. എങ്ങനെയാ യാലും പത്രൊസ് അവിടേക്കല്ല പോകുന്നത്. 2:5-ൽ പത്രൊസ് പറഞ്ഞ ദൈവാലയ ചിത്രീകരണം അവൻ വിട്ടുകളഞ്ഞിട്ടില്ല. ദൈവഗൃഹമായി [*ഓയികോസ്*], വിശുദ്ധ മന്ദിരമായി ക്രിസ്ത്യാനികൾ പണിയപ്പെടുകയാ ണ്. "സഭ " എന്ന വാക്ക് 1 പത്രൊസിന്റെ ലേഖനത്തിൽ കാണുന്നില്ലെങ്കി ലും, പരിഗണിക്കേണ്ടത് സഭ [*എക്ലേസിയ*] തന്നെയാണ്. പൗലൊസിനെ പോലെ പത്രൊസും ''ഗൃഹം'' എന്ന വാക്ക് ഉപയോഗിച്ചു: ''ജീവനു ള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് ഇന്നതെന്ന് നീ അറിയേണ്ടതിന്നു ഇത് എഴുതുന്നു" (1 തിമൊ. 3:15).

യിസ്രായേലിനോടുകൂടെ ആയിരുന്നതുപോലെ ദൈവം സഭയെ സ്നേ ഹിച്ച് അതിൽ വ്യാപരിക്കുന്നു. തന്റെ ജനം വിശുദ്ധമാകുവാൻ ദൈവം നിർബന്ധിച്ചിരിക്കുകയാണ്. അവരെ ന്യായം വിധിച്ചതിനാൽ അവർ തന്റെ ജനമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. അവർക്ക് ചുറ്റുമുള്ള ദേശക്കാരെ ദൈവം അവഗണിച്ചപ്പോൾ, തന്റെ ജനത്തെ കഠിനമായി ശിക്ഷിച്ചു. മറ്റു ദേശക്കാരെ പോലെ അവർ ആകരുതെന്ന് ദൈവം ആഗ്രഹിച്ചിരുന്നു. "നാം മരത്തെയും കല്ലിനേയും സേവിച്ച് ജാതികളെ പോലെയും മറ്റു വംശങ്ങളെയും പോലെ ആയി തീരുക എന്നു നിങ്ങൾ പറയുന്നതായി നിങ്ങളുടെ മനസിലെ വിചാരം ഒരിക്കലും നടക്കുകയില്ല" (യെഹെ. 20:32). അവൻ അന്നു യിസ്രായേലിനെ നിർമ്മലീകരിച്ചതുപോലെ, ഇന്ന് അവൻ വിളിച്ചവരെ വിശുദ്ധീകരിക്കുന്നു. ബന്ധപ്പെട്ട ക്രിയ "വിധി" പല പ്രാവശ്യം ഉപയോഗിച്ചുവെങ്കിലും, ലേഖന ത്തിൽ പത്രൊസ് ഇവിടെ മാത്രമാണ് "ന്യായവിധി" (*ക്രിമാ*) ഉപയോഗിച്ചത്. കഷ്ടത സന്തോഷിക്കുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനുമുള്ളതാണ് എന്നു സാക്ഷ്യപ്പെടുത്തുന്നത് (1) തന്റെ ജനം മുഖാന്തരം ദൈവം ലോകത്തിൽ ഫലം പുറപ്പെടുവിക്കുകയും (2) വിശുദ്ധിയുടെ രൂപത്തിലേക്ക് തന്റെ ജന ത്തെ ദൈവം വാർത്തെടുക്കുകയുമാണ് ചെയ്യുന്നത്.

അപ്പൊസ്തലന്റെ വാദം ചെറിയതിൽനിന്നു വലിയതിലേക്ക് ആയിരു ന്നു, അതേ സമയം, അവരിൽ വന്ന കഷ്ടതയേക്കാൾ വലിയ കഷ്ടതയാണ് ദൈവത്തെ അനുസരിക്കാതിരുന്നവരിൽ വരുവാനിരിക്കുന്നതെന്നും അപ്പൊ സ്തലൻ അവരെ ഓർപ്പിച്ചു. താൻ സ്നേഹിക്കുന്ന പ്രിയപ്പെട്ടവരെ ശിക്ഷിച്ച് ശുദ്ധീകരിക്കുമെങ്കിൽ, **ദൈവത്തിന്റെ സുവിശേഷം അനുസരിക്കാതിരിക്കുന്ന വരുടെ ഗതി എന്താകും?** വർത്തമാനകാലത്തിൽ കഷ്ടമനുഭവിക്കുവാൻ ദൈവം അനുവദിക്കുകയും, ശുദ്ധീകരിച്ച് നിർമ്മലീകരിക്കുകയും ചെയ്യുമ്പോൾ, അനു സരിക്കാതിരിക്കുന്നവരെ അവൻ അവഗണിച്ചു കളയും. "അവന്റെ തെജസിന്റെ പ്രത്യക്ഷതയിൽ" (4:13; നോക്കുക; 1:7; 5:1) അവൻ ശുദ്ധി ചെയ്തവർക്ക് പ റഞ്ഞറിയിക്കുവാൻ പറ്റാത്ത സന്തോഷം ആണെങ്കിൽ, "ദൈവത്തിന്റെ സുവി

ശേഷം" അനുസരിക്കാത്തവർക്ക് ഊഹിക്കുവാൻ കഴിയാത്ത വിധത്തിലുള്ള ദു:ഖവുമായിരിക്കും അനുഭവപ്പെടുക. ദൈവം തന്റെ വാഗ്ദാനമനുസരിച്ച് പുത്രൻ മുഖാന്തരം അയച്ച സന്ദേശമാണ് "ദൈവത്തിന്റെ സുവിശേഷം." പുത്രൻ മനുഷ്യരുടെ പാപങ്ങൾക്കായി മരിക്കുകയും ദൈവം അവനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ച് ദൈവപുത്രൻ എന്നു പ്രഖ്യാപിക്കുകയും ചെയ്തു. അതാണ് സുവിശേഷം എന്ന് പൗലൊസ് 1 കൊരിന്ത്യർ 15:1-4 ൽ പറഞ്ഞിരിക്കുന്നു.

**വാക്യം 18.** സദൃശവാക്യങ്ങൾ 11:31 ഉദ്ധരിച്ച് പത്രൊസ് തന്റെ പോയിന്റ് ഉറപ്പിച്ചിരിക്കുന്നു. ഒരു ചെറിയ കണിക ഒഴിച്ച് സെപ്ത്വജിന്റിൽനിന്ന് പദാനുപദമായിട്ടാണ് ഉദ്ധരിച്ചിരിക്കുന്നത് (LXX). തന്റെ പോയിന്റ് സ്ഥിരീകരിക്കുവാൻ, പത്രൊസിന്റെ സന്ദേശം രണ്ടാമതുണ്ടായ ചിന്തയായിരിക്കാൻ സാധ്യതയില്ല. 4:12-ൽ തുടങ്ങിയതിനെ ബന്ധിപ്പിച്ചുകൊണ്ടായിരിക്കാം അപ്പൊസ്തലൻ ഈ സന്ദേശത്തിലേക്ക് എത്തിയത്. അവനിൽ ഉള്ള ദൈവജനത്തിന്റെ തെളിയിക്കുന്ന പ്രതലമാണ് ഈ ജീവിതത്തിലെ കഷ്ടത. ന്യായവിധി നാളിൽ അനുസരിക്കാതിരുന്നവർക്ക് നേരിടുവാനിരിക്കുന്ന കഷ്ടത അതി കഠിനമായിരിക്കും.

ആ വാക്യം കെജെവി തർജ്ജിമ ചെയ്തിരിക്കുന്നത്, "നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നുവെങ്കിൽ, അഭക്തന്റേയും പാപിയുടേയും ഗതി എന്താകും?" ആ വാക്കുകൾ തെറ്റിദ്ധാരണക്ക് ഇടയാക്കിയേക്കാം. നീതിമാൻ കഷ്ടിച്ച് രക്ഷ പ്രാപിച്ചേക്കാം എന്ന് വായനക്കാരൻ ആ ഭാഗം വായിച്ച് തെറ്റിദ്ധരിക്കുവാനിടയുണ്ട്. ആ പോയിന്റല്ല പത്രൊസ് പറയുവാൻ ശ്രമിച്ചത്. മറിച്ച് അവൻ പറയുന്നത് നീതിമാൻ കഷ്ടത എന്ന പ്രയാസത്തിൽകൂടെ കടന്നു വേണം രക്ഷിക്കപ്പെടുവാൻ എന്നാണ്. ദൈവതേജസ് വെളിപ്പെടുകയും ന്യായവിധി നടക്കുകയും ചെയ്യുമ്പോൾ, കഷ്ടത വരുവാനിരിക്കുന്നു. അങ്ങനെയെങ്കിൽ, അലങ്കാരബഹുലമായ ചോദ്യം ഉയർന്നേക്കാം: "ദൈവത്തിന്റെ സുവിശേഷം അനുസരിക്കാതിരുന്നവർക്ക് അവൻ ഏതു വിധത്തിലുള്ള കഠിനമായ കഷ്ടതയാണ് വരുത്തുവാനിരിക്കുന്നത്?" അവസാനം നീതിമാൻ രക്ഷിക്കപ്പെടും. ആ കാര്യത്തിൽ ഒരു സംശയവുമില്ല. **അഭക്തനും പാപിക്കുമായി** ദൈവം വരുത്തുവാനിരിക്കുന്ന കഷ്ടത എത്രത്തോളമാണെന്നത് അനിശ്ചിതമായ ഒന്നാണ്. മുൻപ് സുവിശേഷം അനുസരിക്കാതിരിക്കുന്ന ആളുകളെ കുറിച്ച് പറഞ്ഞിരിക്കുന്നവരാണ് ഇവിടെ പറഞ്ഞിരിക്കുന്ന അഭക്തരും പാപികളും. ആ വാക്യം സുവിശേഷം അനുസരിക്കാത്തവർക്ക് മുന്നറിയിപ്പും വിശ്വാസികൾക്ക് പ്രോൽസാഹനവും നല്കുന്നതാണ് സദൃശവാക്യത്തിലെ വേദഭാഗം.

**വാക്യം 19.** പുതിയനിയമത്തിൽ, മറ്റൊരു ഭാഗത്ത് എസ്ക്കാറ്റോളജി ധാർമ്മികതയെ കുറിച്ചാണ് പറയുന്നത്. ഈ ജീവിതത്തിൽ ദൈവജനത്തിൽനിന്ന്, വിശുദ്ധനിൽനിന്നും പാപിയിൽ നിന്നും വിശുദ്ധി ആവശ്യപ്പെടുന്നു, ഏതു വിധത്തിലുള്ള ജീവിതം നയിക്കുവാൻ ക്രിസ്തു ആഗ്രഹിച്ചുവോ, ആ രീതിയിലുള്ള ജീവിതത്തിനാണ് വിശ്വാസികൾ ഉറച്ച നിലപാട് എടുക്കേണ്ടത്. പത്രൊസ് തന്റെ രണ്ടാമത്തെ ലേഖനത്തിൽ അന്തിമ ന്യായവിധിയെ കുറിച്ച് ഇങ്ങനെ പറയുന്നു, "ഇവ ഒക്കെയും അഴിവാനുള്ളതാകയാൽ നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം!" (2 പത്രൊ. 3:11).

അഭക്തരായ ആളുകളാൽ യേശു ശകാരിക്കപ്പെടുകയും കഷ്ടതയനുഭവിക്കുകയും ചെയ്തപ്പോൾ, അവൻ "ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപിക്കയത്രെ ചെയ്തത്" (1 പത്രൊ. 2:23). അവന്റെ ശിഷ്യന്മാരും

അങ്ങനെ തന്നെ ചെയ്യണം. യേശു നിരപരാധിയായിരുന്നു കഷ്ടം സഹിച്ച തുപോലെ, നിരപരാധിയായി കഷ്ടം സഹിക്കുന്നതാണ് **ദൈവേഷ്ടപ്രകാരം കഷ്ടം ഏൽക്കൽ**. തന്റെ പക്കൽ കഷ്ടതകളെ ഭരമേൽപിച്ചാൽ അത് അവ സാനിപ്പിക്കുവാൻ ദൈവം മടിക്കുകയില്ല. കഷ്ടതയല്ല ദൈവേഷ്ടം, മറിച്ച് തന്റെ വിശുദ്ധന്മാരുടെ ദൈവഭക്തിയുള്ള ജീവിതം ലോകത്തിലെ മനുഷ്യ രുടെ പാപത്തിനെതിരാണെന്ന് വ്യക്തമാക്കുന്നതാണ്. വിശുദ്ധന്മാർ അങ്ങനെ ജീവിക്കുമ്പോൾ, ലോകം അവരെ കഷ്ടപ്പെടുത്തും. അത്തരം കഷ്ടമാണ് "ദൈവേഷ്ടപ്രകാരം ഉള്ളത്." അത്തരം കഷ്ടം ചുരുങ്ങിയ കാലത്തേക്കേ കാണുകയുള്ളു. അത്തരം സാഹചര്യത്തിൽ വിശ്വാസികൾ കഷ്ടതയനുഭവി ക്കുമ്പോൾ ദൈവം മഹത്വപ്പെടുകയാണ്.

ദൈവതേജസിന്റെ പ്രത്യക്ഷതക്കായി ക്രിസ്ത്യാനികൾ കാത്തിരിക്കുന്ന തിനാലും, അത് ആസന്നമായിരിക്കുന്നതിനാലും, ക്രിസ്തു ചെയ്തതുപോ ലെ അവരും **വിശ്വസ്തനായ സ്രഷ്ടാവിൽ ഭരമേൽപിക്കയത്രെ ചെയ്തത്**. "ആത്മാക്കൾ" എന്നു പറയുന്നത് അവരുടെ വ്യക്തിത്വങ്ങളാണ്. "ആത്മാവ്" "ശരിരത്തിന്" എതിരായിട്ടല്ല പറഞ്ഞിരിക്കുന്നത്. "ഭരമേൽപിക്കുക" (*പരാറ്റി തെമി*) എന്ന ക്രിയ യേശു ക്രൂശിൽ ഉപയോഗിച്ചതാണ്, "പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപിക്കുന്നു" (ലൂക്കൊ. 23:46). യേശു വിന്റെ പ്രസ്താവന മനസിൽ ഉണ്ടായിരുന്നതുകൊണ്ടായിരിക്കാം പത്രൊസ് ആ വാക്ക് ഉപയോഗിച്ചത്. തന്റെ വായനക്കാർ **ശരിയായതു ചെയ്തുകൊണ്ട്** തങ്ങളുടെ "ആത്മാക്കളെ ദൈവത്തിൽ ഏൽപ്പിക്കുന്നതായിരുന്നു" അപ്പൊ സ്തലന് പ്രധാനമായി ചിന്തിക്കുവാനുണ്ടായിരുന്നത്.

പഴയ നിയമത്തിൽ, സൃഷ്ടിത്വത്തിൽ ദൈവത്തിന്റെ പങ്ക് അസാധാ രണ വിഷയം ആയിരുന്നില്ല. പുതിയ നിയമത്തിൽ ഇവിടെ മാത്രം "സൃഷ്ടി കർത്താവ്" എന്നു പറയുവാൻ ഉദ്ദേശം ഉള്ളതായി കാണാം. പ്രപഞ്ചത്തെയും മനുഷ്യരേയും സൃഷ്ടിച്ച ദൈവത്തിന് അനുസരിക്കാതിരുന്നവരെ ന്യായവി ധിയിലേക്കു കൊണ്ടുവരാൻ കഴിയുമെന്നാണ് അപ്പൊസ്തലൻ തന്റെ വായന ക്കാരെ ബോധ്യപ്പെടുത്തിയത്. അവൻ "വിശ്വസ്തനായ സൃഷ്ടികർത്താവാണ്" എന്നു വീണ്ടും സ്ഥിരീകരിക്കുകയാണ്. ദൈവം തന്റെ വാഗ്ദാനങ്ങൾ നിറ വേറ്റുന്നതിൽ ഒരിക്കലും പരാജയപ്പെട്ടിട്ടില്ല. തനിക്കുള്ളവരെ "വിശ്വസ്തനായ സൃഷ്ടികർത്താവ്" വീണ്ടെടുക്കുന്നതിൽ പരാജയപ്പെടുകയോ, അവന്റെ നാമം ധരിച്ചവരെ ഉപദ്രവിക്കുന്നവരെ നീതിയോടെ ന്യായം വിധിക്കുന്നതിലും അവൻ പരാജയപ്പെടുകയില്ല.

ദൈവത്തിന്റെ ന്യായവിധി ഉടനെ വെളിപ്പെടുമെന്ന് പത്രൊസും അവന്റെ വായനക്കാരും പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷ പുതിയ നിയമത്തിലുടനീളം കാണാം. ആ പ്രതീക്ഷ തിരിച്ചറിയാതെ അവർ ജീവിച്ചു മരിച്ചു. എല്ലാ കാല ത്തെയും വിശ്വാസികൾ തങ്ങളുടെ പുതിയ നിയമ കാലയളവിലെ സഹോ ദരീസഹോദരന്മാരെ അനുകരിക്കുകയാണെങ്കിൽ, അതേ പ്രതീക്ഷയോടെ വേണം ജീവിക്കുവാൻ. പത്രൊസിന്റെ വായനക്കാരുടെ ജീവിത കാലത്ത് ദൈവം തന്റെ ന്യായവിധി നടത്തുന്നതിൽ പരാജയപ്പെട്ടു എന്നു പറയുവാൻ സാധ്യമല്ല. ക്രിസ്തീയ ജീവിതത്തെ നയിക്കുന്ന ഉദയനക്ഷത്രം, അത് തിരിച്ച റിയലല്ല, മറിച്ച് അതിന്റെ നിറവേറൽ പ്രതീക്ഷയാണ്. തീർച്ചയായും, ദൈവം തിരഞ്ഞെടുക്കുന്ന ഒരു സമയത്ത് ചരിത്രത്തിന് അവസാനം വരും. കർത്താവ് പ്രത്യക്ഷനാകും. ദൈവം തീരുമാനിക്കുന്ന സമയത്ത് അത് സംഭവിക്കും. തന്റെ

ജനത്തിലധികവും ആ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. നൂറ്റാണ്ടുകൾ കഴിയുമ്പോഴും ആ പ്രതീക്ഷ പുതുക്കിക്കൊണ്ടിരിക്കുന്നത് പ്രയാസമാണെന്ന് ചിലർ വാദിച്ചേക്കാം. യേശുവിനെ തങ്ങളുടെ ജീവിതത്തിന്റെ പങ്കാളിയാക്കുന്നവർക്ക് അങ്ങനെ തോന്നുകയില്ല, കാരണം അവർ ക്രിസ്തുവിന്റെ നാമം നിമിത്തം കഷ്ടത അനുഭവിച്ചുകൊണ്ടാണിരിക്കുന്നത്. കഷ്ടത കർത്താവ് മടങ്ങി വരുമെന്നതിന്റെ സാക്ഷ്യമാണ്. കർത്താവ് മടങ്ങി വരുമെന്ന പ്രതീക്ഷയിൽ ജീവിക്കുന്നതും കർത്താവ് വേഗം വരുമെന്ന പ്രതീക്ഷയിൽ ജീവിക്കുന്നതും തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ട്. വിശ്വാസികളെ വിശ്വസ്തതക്കും പരിശ്രമത്തിനും ഉത്തേജിപ്പിക്കുന്നത് രണ്ടാമത്തേതാണ്.

---

കുറിപ്പുകൾ

[1]4:12 ലെ അടിയന്തരാവസ്ഥ നോക്കുമ്പോൾ, 4:7-11 ലെ പുകഴ്ച്ചയും പ്രബോധനവും 1:6-9 ന്റെ തീവ്രതയുമായി താരതമ്യം ചെയ്യുമ്പോൾ, ചെറിയ തോതിലായിരുന്നു അവർ സഹിച്ചത് എന്നു കരുതുന്നത് ജെ. രാംസെ പറഞ്ഞതിൽനിന്നു വ്യത്യസ്തമാണ്. 4:12-ൽ ഒരു മുഖവുരാ മുന്നറിയിപ്പ് കാണാം. നോക്കുക, ജെ. രാംസെ മൈക്കിൾസ്, ടി. *1 പീറ്റർ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 49 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1988), 258. [2]പ്ലിനി ലെറ്റേഴ്സ് 10.96. [3]എഡ്വേർഡ് ഗോർഡൻ സെൽവിൻ, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ഓഫ് സെന്റ്.പീറ്റർ: ദ ഗ്രീക്ക് ടെക്സ്റ്റ്, വിത്ത് ഇൻട്രോഡക്ഷൻ, നോട്ട്സ്, ആന്റ് എസ്സേയ്സ്,* തോൺആപ്പിൾ, കമെന്ററീസ്, 2ഡ് എഡി. (ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1947; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1981), 222-24. [4]മൈക്കിൾസ്, 264-65. [5]ഇബിഡ്., 267. [6]ലോക സമൂഹത്തിൽ, പ്രതിസന്ധി നേരിട്ടവർ അതിനെ ക്രിസ്തീയ മനോഭാവത്തിൽ നേരിടുവാനായിരുന്നു പത്രൊസ് തന്റെ വായനക്കാരെ അധികാരികൾക്ക് കീഴടങ്ങുവാൻ പ്രബോധിപ്പിച്ചത്. പത്രൊസ് അത് സാഹിത്യത്തിൽനിന്നെടുത്തു എങ്കിലും, അത് ഉചിതമായിരുന്നു. [7]ഉദാഹരണത്തിന് ഇഗ്നേഷിയസ്. *റോമർ* 3:2; *മഗ്നീഷിയൻസ്* 4.1; *എഫെഷ്യൻസ്* 11.2. [8]*ഡിഡാക്കെ,* 12.4.